പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2882 18.06.2019-ൽ മറുപടിക്ക്

**പുനലൂർ പൊൻകുന്നം റോഡിന്റെ നിർമ്മാണപ്രവർത്തനം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പുനലൂർ മൂവാറ്റുപുഴ റോഡിൽ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള അവശേഷിക്കുന്ന റോഡ് നിർമ്മാണത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) പുനലൂർ - മൂവാറ്റുപുഴ റോഡിൽ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള റോഡിന്റെ നിർമ്മാണത്തിനുവേണ്ടി സ്വീകരിച്ച ടെണ്ടറിന്റെ സാങ്കേതിക മൂല്യ നിർണ്ണയം പുരോഗമിക്കുന്നു. |
| (ബി) എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് ഇതിനായി തയ്യാറാക്കിയിരിക്കുന്നത് എന്നും ടെൻഡർ നടപടികൾ ഏത് ഘട്ടം വരെയായി എന്നും ടെൻഡർ നടത്തി എന്നത്തേക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (ബി) 728 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയിരിക്കുന്നത്. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള റോഡ് 3 ഭാഗങ്ങളായാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. ഒന്നാം ഭാഗമായി പുനലൂർ മുതൽ കോന്നി വരെയും രണ്ടാം ഭാഗമായി കോന്നി മുതൽ പ്ലാച്ചേരി വരെയും മൂന്നാംഭാഗമായി പ്ലാച്ചേരി മുതൽ പൊൻകുന്നം വരെയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എല്ലാ ഭാഗങ്ങളുടെയും ദർഘാസുകൾ സ്വീകരിച്ചു കഴിഞ്ഞു. അതിന്റെ സാങ്കേതിക മൂല്യ നിർണ്ണയം അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയായാൽ ഉടൻ ഫിനാൻഷ്യൽ മൂല്യനിർണ്ണയം നടത്തി കരാറിൽ ഏർപ്പെട്ട് മൂന്ന് മാസത്തിനുള്ളിൽ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ എന്ന് വിശദമാക്കാമോ? | (സി) മൂന്ന് ഭാഗമായി ടെണ്ടർ ചെയ്തതിൽ രണ്ടാം ഭാഗമായ കോന്നി മുതൽ പ്ലാച്ചേരി വരെയുള്ള റോഡിന്റെ സാങ്കേതിക മൂല്യനിർണ്ണയം പുരോഗമിച്ചതിനനുസരിച്ച് കരാർ സമർപ്പിച്ചിട്ടുള്ള ഒരു കമ്പനി ടെണ്ടർ നടപടികളിന്മേൽ ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ട് അവസാന വാദം ജൂൺ മാസം 10-ാം തീയതി നടക്കുകയുമുണ്ടായി. ഹൈക്കോടതി വിധി പകർപ്പ് കിട്ടുന്ന മുറയ്ക്ക് മാത്രമേ മറ്റു നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ